# ഇസ്ലാമിക വൈദ്യശസ്ത്രം ആരോഗ്യത്തിന്റെ സമ്പൂർണ്ണ ശാസ്ത്രം

## ആരോഗ്യ പ്രതിസന്ധികൾക്ക് ഇസ്ലാമിക വൈദ്യശസ്ത്രത്തിന്റെ സമ്പൂർണ്ണ പരിഹാരം



ശാസ്ത്ര വിജ്ഞാനരംഗത്ത് ഏറ്റവുംവലിയ അത്ഭുതമാണ് മനുഷ്യൻ, പക്ഷേ തന്റെ ശരീരത്തിലെ ഈ മാസ്മരിക അത്ഭുതങ്ങളെ അതേപടി നിലനിർത്താൻ മനുഷ്യന്ന് സാധിക്കുന്നില്ല, വ്യക്ത്മായി പറഞ്ഞാൽ നിസാരരോഗങ്ങൾ പോലും മനുഷ്യന്റെ മുമ്പിൽ വലിയഭീഷണി തീർക്കുന്നു. അപ്പോൾപിന്നെ മാരകമായ രോഗങ്ങളെകുറിച്ച് പറയേണ്ടതില്ലല്ലോ? നാം അവകാശപ്പെടുന്ന വിജ്ഞാനശാസ്ത്ര പുരോഗതികൾക്കോ വളർച്ചക്കോ മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്തായ ആരോഗ്യംനിലനിർത്താനുള്ള രഹസ്യംപറഞ്ഞ് കൊടുക്കാൻകഴിയുന്നില്ല. മാത്രമല്ല വല്ലവേദനയും വന്ന് മരുന്ന് കഴിച്ചാൽ (സ്ഥിരമായി) അയാളുടെ കി

ഢ്നിതകരുന്നു. കരളിന്റെപ്രവർത്തനത്തിൻ മാന്ദ്യംസംഭവിക്കുന്നു എന്ന ദയനീ തയിലേക്കാണ് മെഡിക്കൽസയൻസിന്റെ വളർച്ച എന്ന്പറഞ്ഞാൽ നിങ്ങൾക്ക് എന്ത് തോന്നും ? ഹോസ്പിറ്റലുകളുടെ ആദിക്യവും അവയുടെ മേന്മകളും ഡോക്ടറുടെപേരിൻ ചുവടെചേർക്കുന്ന അക്ഷരങ്ങളുടെ വർദ്ധനയെല്ലാമാണ് ആരോഗ്യം എന്ന് തെറ്റിദ്ധരിച്ച് നമുക്ക്പിഴച്ചു എന്ന്വേണം കരുതാൻ.

മദീനയിൽ നിന്നുംഡോക്ടർമാർ നാടുവിടേണ്ടിവന്ന കഥപറഞ്ഞ ഗുരുനാഥനെ ഓർത്തുപോകുകയാണ് അദ്ദേഹം അനാട്ടമി ക്ലാസിൽ പറഞ്ഞു. ജനങ്ങളെല്ലാം പൂർണ്ണ ആരോഗ്യത്തിലെത്തിയപ്പോൾ ഡോക്ടർമാർക്ക് ജോലിയില്ലാതെയായി അങ്ങിനെ അവർമറ്റിടങ്ങളിലേക്ക് ജോലിതേടി പോകേണ്ടിവന്നു.വിശ്വസിക്കാൻ ഇത്തിരി പ്രയാസം തോന്നുന്നില്ലേ ? പക്ഷേ, മദീന എല്ലാ മാറ്റങ്ങളുടെയും പട്ട ണമാണ്. മനുഷ്യന്റെആരോഗ്യം നിലനിർത്താൻ കഴിയാതെ ആതുര ശുശ്രൂഷ രംഗത്തുള്ളവർ ഇരുട്ടിൽതപ്പുകയാണ്. കാൻസറിന്നുമരുന്നില്ല അത്കൊണ്ട് വേദ ന ഇല്ലാതെമരിക്കാൻ മോർഫിൻ, പ്രമേഹത്തിന്നു മരുന്നില്ല അത്കൊണ്ട് ജീവി തത്തിന്റെ സർവ്വമധുരങ്ങളും ഉപേക്ഷിക്കൂ. വന്ധ്യതക്ക് മറ്റുള്ളവരുടെ ബീജവും അണ്ഡവും നിർദ്ദേശിക്കുമ്പോൾ എയിഡ്സിന്റെകാര്യത്തിലും തഥൈവ. മരു ന്നിന്റെ കാര്യംപറയാതെ ഇരിക്കലാണ് ഭേതം, മനുഷ്യഉത്ഭവത്തിനായുള്ള ഭീജ സങ്കലനം മുതൽ മരുന്ന് നിർദ്ദേശിക്കപ്പെടുന്നു. ഭാവിയിൽ രോഗം വന്നേക്കാം എന്ന കേവല സങ്കൽപ്പത്തിന്റെപേരിൽ തുള്ളിയായും അല്ലാതെയും മരുന്നുക ൾവേറെ, ഇതൊക്കെ അറിയുമ്പോൾ നമുക്ക് എന്ത് തോന്നും 10 വർഷക്കാലമാ യി വൈദ്യശാസ്ത്രരംഗത്തെചലനങ്ങൾ നിരീക്ഷിച്ച്കൊണ്ടുള്ള അടിസ്ഥാനത്തിലാ ണ് മേൽവരികൾകുറിച്ചത്. ഇത്തരം പഠന നിരീക്ഷണയാത്രയിൽ പരിചയപ്പെട്ട ജനകീയ ഡോക്ടറാണ് സി.കെ.രാമചന്ദ്രൻ (കോഴിക്കോട്) അദ്ദേഹവുമായി സം സാരിക്കാൻ അവസരംകിട്ടിയപ്പോൾ അദ്ദേഹം പറഞ്ഞത് നവലോകത്തിന്റെ ആരോഗ്യപ്രതിസന്ധിക്ക് പരിഹാരമേകാൻകഴിയുന്ന ഏകവൈദ്യശസ്ത്രം പ്രവാച കൻമുഹമ്മദ്നബി(സ)പരിചയപ്പെടുത്തിയ ഇസ്ലാമിക വൈദ്യശാസ്ത്രമാണ്. ഇതേ അഭിപ്രായമാണ് ഡോ: എഡേർഡ് ജി.ബോൺ തന്റെ ഇസ്ലാമിക്മെഡിസിൻ എന്ന തന്റെ പുസ്തകത്തിൽ പറയുന്നത്.

## ഇസ്ലാമിക വൈദ്യശാസ്ത്രം

പ്രാവചകൻ മുഹമ്മദ്നബി(സ) ഇസ്ലാമിക മതപ്രബോധനം നടത്തുന്ന കാലഘട്ടത്തിൽ ശാസ്ത്രവിഷയങ്ങളിൽ ഏറെ അന്ധവിശ്വാസം വെച്ചുപുലർത്തുന്നതായി ചരിത്രം പറയുന്നു. വിശേഷിച്ചും വൈദ്യരംഗത്ത് ഇത് കൂടുതലായിരുന്നു. അന്ന് ശ്രദ്ധിക്കപ്പെട്ടിരുന്ന പ്രത്യേക ചികിത്സ മുറകളായിരുന്നു ഗ്രീക്ക്ഫിലോസഫിയുമായിബന്ധപ്പെട്ട യൂനാനിയും, ഇന്ത്യൻചികിത്സരീതിയും. മനുഷ്യജീവിതത്തിലെ അബദ്ധങ്ങളെ തിരുത്തിയ പ്രവാചകൻമുഹമ്മദ് നബി(സ)ചികിത്സരംഗത്തുള്ള അബദ്ധങ്ങളേയും തിരുത്തിയിട്ടുണ്ട്. ചിലരോഗങ്ങൾക്ക് മരുന്നില്ല അത് കൊണ്ട് മരണംവരിക്കുകഎന്ന് അന്നത്തെ തെറ്റായ ധാരണയെ തിരുത്തിക്കൊണ്ട് സർവ്വരോഗങ്ങൾക്കും മരുന്നുണ്ട് എന്ന് പ്രാവാചകപ്രഖ്യാപനം വൈദ്യരംഗത്ത് പുത്തനുണർവ്വേകിയ പുതിയഅറിവായിരുന്നു.ഇതേആശയം ഒന്നുംകൂടി ശക്തിപ്പെടുത്തിക്കൊണ്ട് നബി (സ)പറഞ്ഞു "മരുന്ന് ഇറക്കപ്പെട്ടിട്ടല്ലാതെ ഒരു രോഗത്തേയും ഇറക്കപ്പെട്ടിട്ടില്ല"(ഹദീസ്)

ഈപ്രഖ്യാപനം വൈദ്യശാസ്ത്രപ്രേമികളെ ഒന്ന്കൂടി ജിജ്ഞാസുക്കളാക്കി എന്ന് പറയുന്നതിൽ അദ്ഭുതപ്പെടാനില്ല. ഇതേവിഷയത്തിൽ മുഹമ്മെദ് നബി(സ) മാനവ സമൂഹത്തിൻ നൽകിയ സൗഭാഗ്യപ്രവചനം ഇങ്ങിനെയാണ് "നിശ്ചയം അല്ലാഹു ഒരുരോഗത്തേയും ഇറക്കിയിട്ടില്ല അതിന്നുശിഫ(മുക്തി) ഇറക്കിയിട്ടല്ലാതെ(ഹദീസ്) ഈവിശുദ്ധഹദീസ് വചനങ്ങൾ പ്രഖ്യാപിക്കുന്നത് ലോകത്ത്നിലവിലുള്ളതും ഇല്ലാത്തതുമായ സർവ്വരോഗങ്ങൾക്കും സമ്പൂർണ്ണ ശമനംലഭിക്കും എന്നാണ്. അല്ലാതെ കൺട്രോൾചെയ്ത് നിർത്താം എന്നല്ല. പ്രാവാചകൻ മുഖേനെ ദൈവം മാനവരാശിക്ക് വേണ്ടി ആരോഗ്യ ശാസ്ത്രമായി ഭൂമിയിൽ അവതരിപ്പിച്ച വൈദ്യശാസ്ത്രത്തിൻെറ പേരാണ് ഇസ്ലാമിക വൈദ്യശസ്ത്രം(ഖുർആനിക വൈദ്യശാസ്ത്രം)വൈദ്യശാസ്ത്രസംബന്ധമായി ഏറ്റവുംവാചാലമായ ഗ്രന്ഥം ഖുർആനാണന്ന് ഇസ്ലാമിക് മെഡിസിൻ എന്നപുസ്തകത്തിൽ ഡോ: എഡേർഡ് ജി.ബോൺ നമുക്ക്പറഞ്ഞ് തരുന്നു. ഖുർആനിക വൈദ്യശാസ്ത്രപഠന ലോകത്ത് സജീവ ചർച്ചയിലാണിപ്പോൾ.

## ഖുർആനിൻെറ ആരോഗ്യ വീക്ഷണം



നവജാത ശിശുവിന്ന് മുലപ്പാൽ(രണ്ട്വർഷം) കൊടുക്കണം എന്ന് പറഞ്ഞതിലൂടെ കുഞ്ഞിൻെറ പ്രതിരോധവും ഉമ്മയുടെ ആരോഗ്യവും സംരക്ഷിക്കപ്പെടുന്നു എന്നരഹസ്യം ശാസ്ത്രീയമായി വിളിച്ച്പറഞ്ഞ ഏകവൈദ്യഗ്രന്ഥം ഖുർആനാണ്. ഇന്നിപ്പോൾ എയിഡ്സിനെക്കുറിച്ചുള്ള പഠനത്തിൽ ഇസ്ലാമികവൈദ്യശാസ്ത്രം കൈകാര്യം ചെയ്യുന്ന വിശ്വഗ്വരന്മാർ കണ്ടെത്തിയിരിക്കുന്ന ഏറ്റവും പുതിയ ചികിത്സരീതി മുലപ്പാൽ ഉൽപ്പാതിക്കപ്പെടുന്ന ആൽവിയോളസുകളുമായി ബന്ധപ്പെടുത്തിയാണ്. മിക്കസ്ത്രീകളും മുലപ്പാൽ കൊടുക്കുന്ന സമയത്ത് അശ്രദ്ധകാരണം വിയർപ്പ് പൊടിഞ്ഞ മുലഞെട്ട് കുട്ടിയുടെവായിൽ വെച്ച് കൊടുക്കുമ്പോൾ സംഭവിക്കുന്നത് ശുദ്ധമായപാലിനോടൊപ്പം മലിനമായവിയർപ്പോടുകൂടി ഇളം പൈതലിൻെറ വയറ്റിൽഎത്തിക്കുന്നു എന്നതാണ്. നവജാത ശിശുക്കളിൽ മിക്ക രോഗങ്ങൾക്കും ഇത് കാരണമായിത്തീരുന്നു എന്നതാണ് പഠനം. ഇത് പറയാൻ കാരണം ശുദ്ധിയാണ് ആരോഗ്യത്തിൻെറഅടിസ്ഥാനം എന്ന് ഇസ്ലാമിക വൈദ്യശാസ്ത്രം തറപ്പിച്ച് പറയുന്നു. അശ്രദ്ധസർവ്വ രോഗങ്ങളുടേയും തുടക്കമാണെന്നും ഈ വൈദ്യശാസ്ത്രം നമുക്ക്പഠിപ്പിച്ച് തരുന്നു. അശ്രദ്ധയിൽനിന്നാണ് അശുദ്ധി ഉണ്ടാവുന്നത്, വിയർപ്പ് ശ്രദ്ധിക്കാതെ മുലപ്പാൽ കൊടുത്തമാതാവ് ചെയ്തത് കുഞ്ഞിൻെറ ആരോഗ്യം തകർത്തു എന്നതാണ്. ശരീരത്തിൻെറ അശുദ്ധി ശാരീരിക അസുഖങ്ങൾ ഉണ്ടാക്കും എന്നത്പോലെ തന്നെ മനസ്സിൻെറഅശുദ്ധി മാനസിക രോഗങ്ങളുണ്ടാക്കും എന്ന ̈ഇസ്ലാമിക വൈദ്യശാസ്ത്രം നമ്മെപഠിപ്പിക്കുന്നു. പ്രവാചകശിഷ്യന്മാരായ സ്വഹാബത്തിലൂടെ തുടങ്ങി കാലങ്ങളായി പണ്ഡിതരിലൂടെ കൈമാറി ഇസ്ലാമിക വൈദ്യശാസ്ത്രം ഇന്ന് ഡോ: ഹാഷിംസ്വദ്രി, ഡോ: ഹാറൂൺ യഹ്യ,ഡോ:അബ്ദുറഹ്മാൻ കഅ്ദാൻ, ഡോ: അൻസാർ പേഷിമാം, ഡോ: ശാഫിഅബ്ദുള്ള(മലയാളി), ഡോ: ജലീൽ ദാരിമി (മലയാളി) തുടങ്ങിയ നവസമൂഹത്തിലെ ഡോക്ടർമാരിൽ എത്തിനിൽക്കുന്നു

www.islamkerala.com

## മെറ്റീരിയ മെഡിക്ക

 

കരിഞ്ചീരകത്തിൽ സർവ്വ രോഗത്തിനും ശമനമുണ്ടെന്ന് പ്രഖ്യാപിച്ച പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ വചനം എയിഡ്സിൻെറ വിഷയത്തിൽ അദ്ഭുതകരമായ വിപ്ലവം സൃഷ്ടിക്കാൻകഴിയുമെന്ന് കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ ഡോ:ശാഫി അബ്ദുള്ള അനുഭവത്തിലൂടെ നമുക്ക് വിവരിച്ച് തരുന്നു. തേനിൽ സർവ്വ മനുഷ്യർക്ക് രോഗമുക്തി ഉണ്ടെന്ന് ഖുർആനികവചനം നമുക്ക് സുപരിചിതമാണ്1400 വർഷങ്ങൾക്ക് മുമ്പ്അവതരിക്കപ്പെട്ട വിശുദ്ധഖുർആനിൽ അല്ലാഹു പയുന്നു."നിൻെറനാഥൻ തേനീച്ചക്ക് ഇപ്രാകാരംബോധനംനൽകുകയും ചെയ്തിരിക്കുന്നു. മലമുകളിലുംമരങ്ങളിലും മനുഷ്യൻ കെട്ടിയുർത്തുന്നവയിലും നീപാർപ്പിടം ഉണ്ടാക്കികൊള്ളുക. പിന്നെ എല്ലാതരം ഫലങ്ങളിൽ നിന്നും നീഭക്ഷിച്ച് കൊള്ളുക എന്നിട്ട് നിൻെറരക്ഷിതാവ് സൗകര്യപ്രധമായി ഒരുക്കിതന്നിട്ടുള്ളമാർഗ്ഗങ്ങളിൽ നീപ്രവേശിച്ച് കൊള്ളുക. അവയുടെ ഉദരങ്ങളിൽനിന്ന് വ്യത്യസ്തവർണ്ണങ്ങളിലുള്ള പാനീയം പുറത്ത് വരുന്നു, അതിൽ മനുഷ്യർക്ക് രോഗശമനം ഉണ്ട്. ചിന്തിക്കുന്നആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്." (സൂറത്ത് നഹ്ൽ)

www.islamkerala.com







തേനും ഖുർആനും രണ്ട് പ്രതിരോധ മാർഗ്ഗങ്ങളാണ്. അവ ഉപയോഗിക്കുക എന്ന് പ്രവാചകൻ തിരുമേനി മുഹമ്മദ് നബി (സ) പറഞ്ഞതായി തുർമുദി, ബൈഹഖി, ഇബ്നുമാജ തുടങ്ങിയവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ വിവിധ മതങ്ങളിൽ നൂറ്റാണ്ടുകളായി തേൻ പലവിധ രോഗത്തിന്നു മരുന്നായി കണക്കാക്കപ്പെട്ടിണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്ത്  മുറിവേറ്റ പട്ടാളക്കാരുടെ മുറിവുകൾ വെച്ച് കെട്ടുന്നതിന്നു തേൻഉപയോഗിച്ചിരുന്നു. തുടർന്ന് നടത്തിയ പഠനത്തിൽ തേനിൻെറ ഔഷധഗുണങ്ങൾ കണ്ടെത്തുന്നതിൻ സഹായകമായി. നബി(സ)ദിവസവും രാവിലെ തേനും വെള്ളവും ചേർത്ത് കുടിച്ചിരുന്നു. പ്രവാചക ചികിത്സരീതിയിൽ തേൻ ഒരുമരുന്നായി ഉപയോഗിച്ച് വരികയും ചെയ്തിട്ടുണ്ട്.

വന്ധ്യത, ആസ്ത്മ, ചുമ, കഫകെട്ട്,ക്ഷയം തുടങ്ങി മറ്റനേകംരോഗങ്ങൾക്ക് തേനിലൂടെ ശമനംകിട്ടിയ അനുഭവസ്ഥർ ഏറെ നമ്മുടെമുമ്പിലുണ്ട്. പന്നിപ്പനിപോലെയുള്ള രോഗങ്ങൽ പടർന്ന് പിടിക്കുമ്പോൾ അറബികൾ  കൂടുതൽ ഉപയോഗിച്ചത് തേൻ തന്നെയാണ്. പ്രതിരോധശക്തി കിട്ടാൻ ഏറ്റവും നല്ല മരുന്ന് തേൻ ആണ്. ഡോ:ജാർവീസ് പറയുന്നു. ബാക്റ്റീരിയകളുടെ ജീവിതോപധിയായ ഈർപ്പത്തെ തേനിലടങ്ങിയിരിക്കുന്ന പൊട്ടാഷ് തടയുന്നതിൽ ബാക്റ്റീരിയകൾക്ക് ഒരിക്കലും അതിൽജീവിക്കാൻ സാധ്യമെല്ലന്നുള്ളത് പരീക്ഷണത്തിലൂടെ ഉറപ്പ്വരുത്തപ്പെട്ട ഒരുയാഥാർത്ഥ്യമാണ്. ഫ്രാൻസിലെപാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തപ്പെട്ട പരീക്ഷണങ്ങളിൽ തെളിഞ്ഞത് ഇപ്രകാരമാണ്. തേൻ സ്റ്റെറി ലൈഡ്സും, അൻറിസെപ്റ്റിക്കുമാണ് ഒരണുവിനും അതിൽ ദീർഘകാലം

www.islamkerala.

താങ്ങാനാവില്ല. പൗരാണികഭിഷഗ്വരന്മാരിൽ ഒരാളായ അവിസന്ന(ഇബ്നുസീന) തേൻ ഉപരിതലവൃണങ്ങളിൽ ലേപനംചെയ്യാൻ ശുപാർശചെയ്തിരുന്നു. സർവ്വ രോഗസംഹാരികൾ വിൽക്കപ്പെടുന്ന സമ്പൂർണ്ണഫാർമസിയാണ് തേൻ.

ഇത്രയും വിലപ്പെട്ട വസ്തു(തേൻ)നമ്മുടെ കയ്യിലിരിക്കെ അത്ആവശ്യത്തിന് ഉപ യോഗിക്കാതിരിക്കുന്നത് അതിനെക്കുറിച്ചുള്ള ബോധമില്ലായ്മയാണ്. അത് കൊ ണ്ട് നാം തേനിന്റെ ഉപയോഗംശിശുക്കളിൽ നിന്ന്തന്നെ ആരംഭിക്കണം. പാലി നോടൊപ്പം അൽപം തേനുംകൊടുക്കൂ. ശക്തരുംപ്രബലരുമായി അവർ വളരട്ടെ. ദുർബലനേക്കാൾ പ്രബലനായ വിശ്വാസിയെയാണ് അല്ലാഹുവിന്നു ഇഷ്ടം. ലേഡി ഡോ: ബാർബറ കാർട്ട്ലാന്റെ "തേനിന്റെ മാന്ത്രികത" എന്ന തന്റെ ഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു 'തേനിന്റെ ഭക്ഷണ മൂല്യവും, ചികിത്സ ശേ ഷിയും ആദ്യമായി കണ്ടെത്തിയത് മുസ്ലിംകളാണ്. ഖുർആനാണ് അതിന്നു പ്രേ രിപ്പിച്ചത്.



ഉലുവയുടെ വിലമനസ്സിലാക്കിയാൽ എന്റെഉമ്മത്ത് സ്വർണ്ണംവിറ്റും അത് ശേഖ രിക്കും എന്നഹദീസ് നാംപഠിക്കുക.




മാത്രമല്ലമനുഷ്യനെ ഏറെ പ്രയാസപ്പെടുത്തുന്ന പ്രമേഹരോഗത്തിനുള്ള ദിവ്യഔഷധത്തിൽ പ്രധാനകൂട്ടായി ഉപയോഗിക്കുന്നത് ഉലുവയാണ്.

തെങ്ങിൻെറ ഔഷധത്തെകുറുച്ച് ലോക സഞ്ചാരിയായ ഇബ്നുബത്തൂത്ത പരിചയപ്പെടുത്തുമ്പോൾ ഹൃദയരോഗികൾക്ക് അതിൻെറ ഓലകമ്പ്(ഈർക്കിൽ) ചെയ്യുന്ന ഉപകാരം അനുഭവിച്ചആളുകളേറെ. മഞ്ഞളിനെ വലിയഔഷധമായി പരിചയപ്പെടുത്തിയ മുഹമ്മദ് നബി(സ)യുടെ ദീർഘവീക്ഷണം നമുക്ക് ഒന്നും കൂടി വ്യക്തമാക്കിതരുന്നതാണ്. കാൻസറിന്നു വേദനസംഹാരിയായി ഉപയോഗിക്കാൻ ഇത്രനല്ല വസ്തുഇല്ലെന്നാണ് പഠനങ്ങൾ പറയുന്നത്. ഒലീവ് ഓയിൽ സർവ്വനരമ്പുകളേയും ശക്തിപ്പെടുത്താൻ ശക്തിഉണ്ടെന്നും നമുക്ക്അറിയാവുന്ന മറ്റൊരു രഹസ്യം. മനശാസ്ത്ര ഇടപെടലിലൂടെ അറേബ്യൻ സമൂഹത്തിൻെറ അരോഗ്യ പുന:സൃഷ്ടി നടത്തിയ പ്രവാചകൻ(സ)യുടെ സമീപനങ്ങളേയും ഖുർആനിക വചനങ്ങളിലുള്ള മനശാസ്ത്രപരമായ അറിവുകളേയും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു പ്രത്യേക ചികിത്സരീതിതന്നെ പിന്നീട്ഉപയോഗിക്കപ്പെടുകയുണ്ടായി. ഇബ്നുനഫീസ്സ്,ഇമാംഗസ്സാലി(റ),യഅ്ഖൂബ്, ഇബ്നുൽകിന്ധി തുടങ്ങിയവരിലൂടെ പടർന്ന്പന്തലിച്ച ഈ ചികിത്സശാസ്ത്രം ഖാജമുഈനുദ്ധീൻ ചിശ്ത്തിയിലൂടെ ഇന്ത്യയിലും പ്രചാരംനേടിയിട്ടുണ്ട്. ലോകത്തിൻെറ എല്ലാഭാഗങ്ങളിലും ഈചികിത്സ രീതിയുടെസെൻററുകൾ പ്രർത്തിക്കുന്നുണ്ടെങ്കിലും ഈ അടുത്തകാലത്താണ് കേരളജനതയും ഈ വൈദ്യത്തെ കൈനീട്ടി സ്വീകരിച്ചത്.

www.islamkerala

ഇസ്ലാമികവൈദ്യശസ്ത്ര ചലനങ്ങളെ കുറിച്ചറിയാൻ സന്ദർഷിക്കുക.

www.islamicmedicine.org


അബൂഅൻഫാൽ പാപ്പിനിശ്ശേരി

കോ-ഓർഡിനേറ്റർ CIMS-India(ഗൽഫ്ചാപ്റ്റർ)

പ്രവാചക വൈദ്യപ്രചാരകൻ

സെൻറർ ഫോർ ഇസ്ലാമിക് മെഡിക്കൽ സയൻസ് ഇന്ത്യ

Mobile : 0091-9895159382 ( India )

Mobile: 00965-99554961 : P.B.NO. 47990 FAHAHEEL , KUWAIT

E-mail : infertilitykwt@gmail.com


**മാന്യ സുഹൃത്തുക്കളെ,, ഈസന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സഹോദര സഹോദരിമാർക്കും ഫോർവേഡ്ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാളിയാവുക.**


**ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്**

# www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861